താത്പര്യപത്രം ക്ഷണിച്ചു

നോർക്ക റൂട്ട്സ് നടപ്പാക്കി വരുന്ന വിവിധ പ്രവാസി ക്ഷേമ പദ്ധതികളുടെയും സേവനങ്ങളുടെയും പ്രചാരണ പ്രവർത്തനങ്ങൾക്കും വിവിധ കാമ്പയിൻ പരിപാടികൾക്ക് ക്രിയേറ്റിവുകൾ/പരസ്യഡിസൈനുകൾ നിർമിക്കുന്നതിനുമായി (എ.എസ്.) നം 6/2020 ഐ.പിആർ.ഡി (തീയതി 02/11/2020) സർക്കാർ ഉത്തരവ് പ്രകാരം ഐ.പി.ആർ.ഡി എംപാനൽ ചെയ്തിട്ടുള്ള കമ്പനികളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു. അച്ചടി-ദൃശ്യ-ശ്രാവ്യ-സാമൂഹിക മാധ്യമങ്ങൾക്കു പുറമെ വിവിധ ഔട്ട്ഡോർ പരസ്യപ്രചാരണ മാർഗ്ഗങ്ങൾക്കുള്ള ക്രിയേറ്റീവുകളും തയ്യാറാക്കേണ്ടതുണ്ട്. മേൽ ഉത്തരവിലെ A, B, C കാറ്റഗറിയിൽപ്പെടുന്ന എല്ലാ കമ്പനികൾക്കും താത്പര്യപത്രം സമർപ്പിക്കാവുന്നതാണ്. മേൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പൂർണമായും ബാധമായിരിക്കും.

വിവിധ കാറ്റഗറികളിൽ ഉൾപ്പെടുന്ന കമ്പനികളിൽ നിന്നും പ്രതീക്ഷിക്കുന്ന ഇനം തിരിച്ചുള്ള വിവരം

കാറ്റഗറി A
1. ടെലിവിഷൻ പരസ്യങ്ങൾ
2.ഷോർട്ട് വീഡിയോ
3. കോർപ്പറേറ്റ് വീഡിയോ
3. ന്യൂസ് സ്റ്റോറികൾ.
4. ആഡിയോ ക്രിയേറ്റീവുകൾ

കാറ്റഗറി B
സോഷ്യൽ മീഡിയാ ക്രിയേറ്റീവ്സ്

1. ക്രിയേറ്റീവ് പോസ്റ്ററുകൾ
2. ആനിമേഷൻ പോസ്റ്ററുകൾ
3. വീഡിയോ പോസ്റ്റ്
4. ആനിമേഷൻ വീഡിയോ
5. ഷോർട്ട് വീഡിയോ
6. പോസ്റ്റർ ട്രോൾ
7. വീഡിയോ ട്രോൾ
8. വീഡിയോ ഡോക്യുമെന്റേഷൻ & ലൈവ് സ്ട്രീമിംഗ്
9. സോഷ്യൽ മീഡീയാ മാനേജ്മെന്റ്

കാറ്റഗറി C
പ്രിന്റ് / ഔട്ട് ഡോർ പ്രചാരണം

1. കോഫീടേബിൾ ബുക്ക് രൂപകല്പന
2. ബ്രോഷറുകൾ രൂപകല്പന
3. കൈപ്പുസ്തകങ്ങൾ രൂപകല്പന

C കാറ്റഗറിയിൽ മേൽ ഇനങ്ങൾക്കു പുറമെയുള്ള പത്രപരസ്യങ്ങൾ, മാഗസിൻ പരസ്യങ്ങൾ, ഹോർഡിംഗ് പരസ്യങ്ങൾ തുടങ്ങിയ ഇനങ്ങൾക്ക് സർക്കാർ ഉത്തരവ് (കൈ)നം 1/2020/ഐആന്റ് പി.ആർ. (തീയതി 29.02.2020) പ്രകാരമുള്ള നിരക്കുകൾ ബാധകമായിരിക്കും.

സോഷ്യൽ മീഡിയ കാറ്റഗറിയിൽ തെരഞ്ഞെടുക്കപ്പെടുന്ന കമ്പനി/കമ്പനികൾ ക്രിയേറ്റീവ്സ് നിർമിച്ച് നോർക്കയുടെ അംഗീകാരത്തോടെ സോഷ്യൽ മീഡിയയിൽ പോസ്റ്റു ചെയ്യുകയും സോഷ്യൽ മീഡിയാ അക്കൗണ്ടുകൾ മോണിറ്റർ ചെയ്യുകയും ചെയ്യേണ്ടതാണ്.
ഓരോ ക്രിയേറ്റീവിന്റെയും സാങ്കേതിക മേൻമയും സാമ്പത്തിക ചെലവും വ്യക്തമാക്കിക്കൊണ്ടായിരിക്കണം താത്പര്യ പത്രം സമർപ്പിക്കേണ്ടത്. ബന്ധപ്പെട്ട ഏജൻസികൾ നോർക്ക ആവശ്യപ്പെടുന്ന സമയത്ത് തങ്ങളുടെ വൈദഗ്ധ്യം തെളിയിക്കുന്നതിനുള്ള പ്രസന്റേഷൻ നടത്തേണ്ടതാണ്.

തെരഞ്ഞെടുക്കപ്പെടുന്നവർ നോർക്ക റൂട്ട്സുമായി കരാറിൽ ഏർപ്പെടേണ്ടതും അനുബന്ധ നിബന്ധനകൾ പാലിക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് നോർക്ക പി.ആർ.ഒ.യുമായി (ഫോൺ: 9495521173) ബന്ധപ്പെടാവുന്നതാണ്. നോർക്ക പദ്ധതികളെ കുറിച്ച് അറിയുന്നതിന് www.norkaroots.org എന്ന വെബ്സൈറ്റ് സന്ദർശിക്കാം.

താത്പര്യ പത്രങ്ങൾ 2022 ജനുവരി 10 മൂന്നു മണിക്കകം സി.ഇ.ഒ, നോർക്ക റൂട്ട്സ്, നോർക്ക സെന്റർ, തൈക്കാട്, തിരുവനന്തപുരം എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. താത്പര്യപത്രം സംബന്ധിച്ച് അന്തിമ തീർപ്പ് നോർക്ക സി.ഇ.ഒയിൽ നിക്ഷിപ്തമായിരിക്കും.